# തവസ്സുൽ: ഇടതേടുന്ന അമ്പിയാക്കൾ

ശാഫി സ്വലാഹി ചങ്ങലീരി

**അ**ല്ലാഹുവിലേക്കടുക്കുവാൻ മഹാന്മാരെ ഇടയാളന്മാരാക്കണമെന്ന് വാദിക്കുന്നവർ തങ്ങളുടെ ഇസ്‌ലാമിക വിരുദ്ധമായ ഈ ആശയത്തെ ന്യായീകരിക്കാൻ വേണ്ടി ദുർവ്യാഖ്യാനിക്കാറുള്ള ഒരായത്താണ് സൂറ:അൽഇസ്റാഇലെ 56,57 വചനങ്ങൾ. ഇവരുടെ ദുർവ്യാഖ്യാനത്തിന്റെ ഒന്നുരണ്ട് സാമ്പിളുകൾ ആദ്യം കാണുക:

**(സുന്നത്ത് ജമാഅത്ത് ഖുർആനിൽ പേജ്: 124. ഹംസക്കോയ ബാഖവി മുന്നിയൂർ)**



124 സുന്നത്ത് ജമാഅത്ത് ഖുർആനിൽ

قُلْ ادْعُوا الَّذِينَ زَعَمْتُمْ مِنْ دُونِهِ فَلَا يَمْلِكُونَ
كَشْفَ الضُّرِّ عَنْكُمْ وَلَا تَحْوِيلًا أُولَٰئِكَ
الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ
أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ
إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا - اسراء : ٥٧ - ٥٦

[പറയുക, അല്ലാഹുവിനെ കൂടാതെ നിങ്ങൾ (ദൈവൻമാരാണെന്ന്) ജൽപിക്കുന്നവരെ വിളിക്കുക. നിങ്ങളുടെ ദുരിതമകററാനോ, നിങ്ങൾക്ക് ദുരിതമുണ്ടാക്കാനോ അവർക്ക് അധികാരമില്ല. ദൈവങ്ങളെന്നു പറഞ്ഞു അവർ ആരാധിക്കുന്നവർതന്നെ അല്ലാഹുവിങ്കലേക്ക് ഇടയാളരെ അഥവാ അവരിൽനിന്നു അല്ലാഹുവിങ്കലേക്ക് ഏററവും അടുത്തവരെ തേടുന്നവരാണ്. അവർ അവന്റെ കാരുണ്യത്തെ ആഗ്രഹിക്കുകയും അവന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. തീർച്ചയായും താങ്കളുടെ നാഥന്റെ ശിക്ഷ സൂക്ഷിക്കപ്പെടേണ്ടതു തന്നെയാണ്.] അവിശ്വാസികളുടെ ആരാധനാ പാത്രങ്ങളിൽ ഈസാനബി, ഉസൈർ തുടങ്ങിയ മഹാൻമാരും ഉൾപ്പെട്ടിരുന്നു. ആ മഹാൻമാരാകട്ടെ, അവരിൽനിന്ന് അല്ലാഹുവിങ്കലേക്ക് ഏററം അടുത്ത മഹാൻമാരെ ഇടയാളൻമാരാക്കി അല്ലാഹുവിനോട് പ്രാർത്ഥിച്ചിരുന്നു എന്ന് ഈ ആയത്തു നമ്മെ പഠിപ്പിക്കുന്നു.

പൊന്മള അബ്ദുൽ ഖാദിർ മുസ്‌ല്യാർ എഴുതുന്നു:

**(ഫതാവാ മുഹ്‌യിസ്സുന്ന 2/40 പൊന്മള അബ്ദുൽ ഖാദിർ മുസ്‌ല്യാർ)**




ചോദ്യം 4: ആദം നബി(അ) മുതൽ മുഹമ്മദ് നബി(സ) വരെയുള്ള പല അമ്പിയാ മുർസലുകളുടെ പ്രാർത്ഥന ഖുർആനിൽ പറഞ്ഞിട്ടുണ്ടല്ലോ." അതിൽ എവിടെയെങ്കിലും അല്ലാഹു അല്ലാത്തവരോട് സഹായം അഭ്യർത്ഥിച്ചിട്ടുണ്ടോ? ഇടയാളന്മാരെ വിളിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അതൊന്ന് പറഞ്ഞുതരുമോ?

ഉത്തരം: ഇടയാളന്മാരെ വിളിച്ചിട്ടുണ്ട്. സഹായം തേടിയിട്ടുമുണ്ട്. മാത്രമല്ല, ഇടയാളന്മാരെ വെക്കാനും സഹായം തേടാനും ആജ്ഞാപിച്ചിട്ടുമുണ്ട്. അല്ലാഹു പറയുന്നു. " അവർ (മുശ്‌രിക്കുകൾ) വിളിച്ച് പ്രാർത്ഥിക്കുന്നവർ (ആരാധ്യന്മാർ) തന്നെ അവരേക്കാൾ അടുത്തവരെകൊണ്ട് അല്ലാഹുവിലേക്ക് ഇട തേടുന്നവരാകുന്നു." (സൂറ ഇസ്‌റാഅ് 57)

ഫതാവാ മുഹ്‌യിസ്സുന്ന: ② 40

മുസ്‌ല്യാക്കന്മാരുടെ മേൽ വിശദീകരണങ്ങളിൽ നിന്നും വ്യക്തമാകുന്ന കാര്യങ്ങൾ ഇവയാണ്:

1) ഈ ആയത്തിലെ 'വസീല' എന്നതിന് ഇടയാളൻ എന്നാണ് അർത്ഥം.

2) ഈസാ നബി(അ), ഉസൈർ നബി(അ) തുടങ്ങിയ പ്രവാചകന്മാർ പോലും മഹാന്മാരെ ഇടയാളന്മാരാക്കി അല്ലാഹുവോട് പ്രാർത്ഥിച്ചിരുന്നു.

3) ഈ ആയത്തിൽ ഇടയാളന്മാരെ വെക്കാനും അവരോട് സഹായം തേടാനുമുള്ള ആജ്ഞയുണ്ട്.

എന്നാൽ എന്താണ് യാഥാർത്ഥ്യം? നമുക്ക് പരിശോധിക്കാം. അതിനായി ആദ്യം പ്രസിദ്ധ സുന്നി പണ്ഡിതനായ ടി.കെ. അബ്ദുല്ല മുസ്‌ല്യാർ പരിഭാഷപ്പെടുത്തിയതും 'സുന്നത്ത് ജമാഅത്തിന്റെ യഥാർത്ഥ ഖുർആൻ പരിഭാഷ' എന്ന് എസ്. വൈ. എസിന്റെ സംസ്ഥാന പ്രസിഡന്റായിരുന്ന പി.എം.എസ്.എ. പൂക്കോയതങ്ങൾ സന്ദേശമെഴുതിയതുമായ 'തഫ്സീറുൽ ഖുർആനി'ൽ ഈ ആയത്തിന് നൽകിയ അർത്ഥവും വ്യാഖ്യാനവും കാണുക:

**(തഫ്സീറുൽ ഖുർആൻ പേജ്: 375 പുതിയ പതിപ്പ്)**




സുബ്ഹാന-15 375 അദ്ധ്യായം 17 - അൽഇസ്റാഅ്

56. (അവരോട്) പറയുക, അവനെക്കൂടാതെ (ദൈവങ്ങളെന്ന്) നിങ്ങൾ ജൽപിച്ചിരുന്നവരെ നിങ്ങൾ വിളിക്കുക. എന്നാൽ നിങ്ങളെ വിട്ട് ദുരിതമകറ്റാനോ (നിങ്ങളല്ലാത്തവരിലേക്ക് അത്) തിരിച്ചുവിടാനോ അവർ അധികാരമുള്ളവരല്ല.

57. അവർ (ആരാധ്യരെന്നു) വിളിക്കുന്നവരാകട്ടെ, അവരിൽ നിന്ന് അല്ലാഹുവുമായി ഏറ്റവും അടുത്തവർതന്നെയും തങ്ങളുടെ നാഥനിലേക്ക് (അനുസരണം മുഖേന) സാമീപ്യം കാംക്ഷിക്കുന്നവരത്രെ. (പിന്നെ മറ്റുള്ളവരുടെ സ്ഥിതിയെന്താണ്?) അവർ അവന്റെ കാരുണ്യത്തെ ആഗ്രഹിക്കുകയും അവന്റെ ശിക്ഷയെ (മറ്റുള്ളവരെപ്പോലെ) ഭയപ്പെടുകയും ചെയ്യുന്നു. തീർച്ചയായും താങ്കളുടെ നാഥന്റെ ശിക്ഷ സൂക്ഷിക്കപ്പെടേണ്ടത് തന്നെയാണ്.

٥٦- قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا

٥٧- أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا

നോക്കൂ, എത്ര വ്യക്തമായാണ് ഈ ആയത്തിനെ അബ്ദുല്ലമുസ്‌ല്യാർ വ്യാഖ്യാനിച്ചിരിക്കുന്നത്! ആധുനിക മുസ്‌ല്യാക്കന്മാരുടെ മുഴുവൻ ദുർവ്യാഖ്യാനങ്ങളും തകരുകയാണിതിലൂടെ ചെയ്യുന്നത്. 'വസീല'ക്ക് 'സാമീപ്യം കാംക്ഷിക്കുക' എന്ന യഥാർത്ഥ അർത്ഥം

നൽകുന്നതോടൊപ്പം 'അനുസരണം മുഖേന' എന്ന് ബ്രേക്കറ്റ് നൽകി പ്രത്യേകം വ്യക്തമാക്കുകയും ചെയ്യുന്നു അദ്ദേഹം. കൂടാതെ, അമ്പിയാക്കളേയും ഔലിയാക്കളേയും മലക്കുകളേയും ഇടയാളന്മാരായി തേടിയിരുന്ന (തവസ്സുൽ ചെയ്തിരുന്ന) മുശ്‌രിക്കുകളോട് അതിന്റെ വിഡ്ഢിത്തം ബോധ്യപ്പെടുത്തുകയാണ് ഇവിടെ ഖുർആൻ ചെയ്യുന്നത്. അഥവാ, നിങ്ങൾ ആരെയാണോ ഇടയാളന്മാരാക്കുന്നതെങ്കിൽ അവർ തന്നെ അല്ലാഹുവിന് ഇബാദത്തെടുത്തും അവനെ അനുസരിച്ചും ഭയപ്പെട്ടും അവങ്കലേക്ക് സാമീപ്യം തേടുന്നവരാണ്. പിന്നെ നിങ്ങളെ രക്ഷപ്പെടുത്താൻ അവർക്കെങ്ങനെ സാധിക്കും? അതുകൊണ്ട് അവരെ വിളിച്ചു പ്രാർത്ഥിച്ചതുകൊണ്ടോ ഇടതേടിയതുകൊണ്ടോ നിങ്ങൾക്ക് യാതൊരു പ്രയോജനവും കിട്ടുകയില്ല എന്ന് ബോധ്യപ്പെടുത്തുകയാണ് ഈ ആയത്ത് ചെയ്യുന്നതെന്ന് മേൽ സുന്നി പരിഭാഷതന്നെ വ്യക്തമാക്കുന്നു.

അപ്പോൾ തവസ്സുലിന്റെ സകല വേരുകളും പിഴുതെറിഞ്ഞ് തൗഹീദ് സ്ഥാപിക്കുകയാണ് ഈ ആയത്തുകൾ ചെയ്യുന്നതെന്ന് വ്യക്തം. എന്നിട്ടും തൗഹീദിന്റെ ഈ പരിശുദ്ധ വചനത്തെ തന്നെ ഇത്തരമൊരു ശിർക്കിന് രേഖയാക്കുകയാണീ മൊല്ലമാർ ചെയ്യുന്നത്. വല്ലാത്ത തൊലിക്കട്ടിതന്നെ.!

മാത്രമല്ല, ഈ ദുർവ്യാഖ്യാനത്തിലൂടെ ഇവരുടെ മറ്റൊരു ദുർവ്യാഖ്യാനം തകരുകയാണ് ചെയ്യുന്നത്! കാരണം, മുശ്‌രിക്കുകൾ ആരാധിച്ചിരുന്നത് കേവലം വിഗ്രഹങ്ങളെ മാത്രമാണെന്നാണല്ലോ ഇവർ പറയാറുള്ളത്. എന്നാൽ ഈ ദുർവ്യാഖ്യാന പ്രകാരം വിഗ്രഹങ്ങളും പ്രതിമകളും അല്ലാഹുവിലേക്ക് ഏറ്റവും അടുത്തവരെ വസീലയാക്കുന്നവരായിരുന്നു എന്ന് സമ്മതിക്കേണ്ടിവരുന്നു! അങ്ങനെയാകുമ്പോൾ അവരുടെ ആരാധ്യരായ വിഗ്രഹങ്ങൾക്ക് കേൾക്കാനും കാണാനും ഇടയാളന്മാരെ തേടാനും കഴിയുമെന്ന് വരുന്നു. ഇതാകട്ടെ മുസ്ല്യാക്കന്മാരുടെ വാദത്തിനെതിരാണ് താനും. അവരുടെ ആരാധ്യർക്ക് കേൾക്കാനോ കാണാനോ മറ്റു പ്രവർത്തനങ്ങൾക്കോ കഴിയില്ലെന്നാണല്ലോ ഇതുവരേയും ഇവർ പറഞ്ഞുവന്നിരുന്നത്! അപ്പോൾ മേൽ ദുർവ്യാഖ്യാനത്തിലൂടെ ഈ വാദം തകരുന്നുവെന്നർത്ഥം. ശിർക്ക് സ്ഥാപിക്കാൻ പ്രമാണങ്ങളെ തോന്നിയതുപോലെ വ്യാഖ്യാനിക്കുന്നവർക്ക് നേരിടേണ്ടിവരുന്ന സ്വാഭാവികമായ തിരിച്ചടികൾക്ക് ഉദാഹരണമാണിത്.

മാത്രമല്ല, ഈ ആയത്ത് അവതരിക്കാൻ കാരണമായ ഒരു സംഭവം ഇമാം ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നുണ്ട്. അതും ഇത്തരം വ്യാഖ്യാനങ്ങൾക്കുള്ള കനത്ത തിരിച്ചടിയാണ്. അതിപ്രകാരമാണ്:

**(സ്വഹീഹുൽബുഖാരി. ഹദീസ് നമ്പർ : 4714)**






٨٣٧ — كتاب التفسير — 837

٧ ـ باب: ﴿قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا﴾(٢)

٤٧١٤ ـ حَدَّثَنِي عَمْرُو بْنُ عَلِيٍّ: حَدَّثَنَا يَحْيَى: حَدَّثَنَا سُفْيَانُ: حَدَّثَنِي سُلَيْمَانُ، عَنْ إِبْرَاهِيمَ، عَنْ أَبِي مَعْمَرٍ، عَنْ عَبْدِ اللَّهِ: ﴿إِلَىٰ رَبِّهِمُ الْوَسِيلَةَ﴾(١). قَالَ: كَانَ نَاسٌ مِنَ الإِنْسِ يَعْبُدُونَ نَاساً مِنَ الجِنِّ، فَأَسْلَمَ الجِنُّ وَتَمَسَّكَ هٰؤُلَاءِ بِدِينِهِمْ. زَادَ الأَشْجَعِيُّ عَنْ سُفْيَانَ، عَنِ الأَعْمَشِ: ﴿قُلِ ادْعُوا الَّذِينَ زَعَمْتُم﴾.

٨ ـ باب: ﴿أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ﴾(٢)

٤٧١٥ ـ حَدَّثَنَا بِشْرُ بْنُ خَالِدٍ: أَخْبَرَنَا مُحَمَّدُ بْنُ جَعْفَرٍ، عَنْ شُعْبَةَ، عَنْ سُلَيْمَانَ، عَنْ إِبْرَاهِيمَ، عَنْ أَبِي مَعْمَرٍ، عَنْ عَبْدِ اللَّهِ رَضِيَ اللَّهُ عَنْهُ: فِي هٰذِهِ الآيَةِ: ﴿الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ﴾. قَالَ نَاسٌ مِنَ الجِنِّ يُعْبَدُونَ، فَأَسْلَمُوا.

"അബ്ദുല്ല(റ) നിവേദനം: ഈ ആയത്ത് ജിന്നുകളിൽപ്പെട്ട ഒരു വിഭാഗത്തിന് ഇബാദത്തെടുത്തിരുന്ന ഒരു സംഘം അറബികളെക്കുറിച്ചാണ് അവതിച്ചത്. അങ്ങനെ ജിന്നുകൾ ഇസ്ലാം സ്വീകരിച്ചു. പക്ഷെ അവർക്ക് ഇബാദത്തെടുത്തിരുന്നവർ (അതറിയാതെ) അവർക്ക് ഇബാദത്ത് ചെയ്തുകൊണ്ടേയിരുന്നു." (അപ്പോൾ ഈ ആയത്തിറക്കി) *(ബുഖാരി ഹദീസ് നമ്പർ: 4714)*

ഈ വ്യാഖ്യാനപ്രാകാരവും മുസ്ല്യാക്കന്മാരുടെ ദുർവ്യാഖ്യാനത്തിന് നിലനിൽപ്പില്ലാതാകുന്നു. കാരണം ജിന്നുകൾ ആരാധനകളിലൂടെ അല്ലാഹുവിന്റെ സാമീപ്യം ആഗ്രഹിക്കുകയും അനുഗ്രഹം തേടുകയും ശിക്ഷഭയപ്പെടുകയും ചെയ്ത് കഴിയുകയാണ് എന്നർത്ഥം. അതല്ലാതെ മഹാന്മാരെ ഇടതേടി പ്രാർത്ഥിച്ചു എന്ന് പറയുന്നില്ലല്ലോ.

മേൽ സംഭവം ഒട്ടുമിക്ക തഫ്സീർ ഗ്രന്ഥങ്ങളിലും ഈ ആയത്തിന്റെ വ്യാഖ്യാനമായി നൽകിയതായി കാണാം. ചില പൗരാണിക തഫ്സീറുകൾ കാണുക. ഇമാം ഇബ്നു ജരീറുത്വബ്രി(റ) ഉദ്ധരിക്കുന്നു:

**(തഫ്സീർ ത്വബ്രി 8/95)**



٩٥ ——— سورة الإسراء / الآية: ٥٧

يقول تعالى ذكره: هؤلاء الذين يدعوهم هؤلاء المشركون أرباباً ﴿يَبْتَغُونَ الى رَبِّهِمُ الوَسِيلَةَ﴾ يقول: يبتغي المدعُوّون ارباباً إلى ربهم القُربة والزُّلفة، لأنهم أهل إيمان به، والمشركون بالله يعبدونهم من دون الله ﴿أَيُّهُمْ أَقْرَبُ﴾ أيهم بصالح عمله واجتهاده في عبادته أقرب عنده زلفة ﴿وَيَرْجُونَ﴾ بأفعالهم تلك ﴿رَحْمَتَهُ ويخافُونَ﴾ بخلافهم أمره ﴿عَذَابَهُ إنَّ عَذَابَ رَبِّكَ﴾ يا محمد ﴿كانَ مَحْذُوراً﴾ متقى.

وبنحو الذي قلنا في ذلك، قال أهل التأويل، غير أنهم اختلفوا في المدعوين، فقال بعضهم: هم نفر من الجن.

ذكر من قال ذلك:

٢٢٣٧٥ ـ حدثني أبو السائب، قال: ثنا أبو معاوية، عن الأعمش، عن إبراهيم، عن عبد الله، في قوله: ﴿أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إلى رَبِّهِمُ الوَسِيلَةَ﴾ قال: كان ناس من الإنس يعبدون قوماً من الجنّ، فأسلم الجنّ وبقي الإنس على كفرهم، فأنزل الله تعالى ﴿أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إلى رَبِّهِمُ الوَسِيلَةَ﴾. يعني الجن.

٢٢٣٧٦ ـ حدثنا ابن المثنى، قال: ثنا أبو النعمان الحكم بن عبد الله العجلي، قال: ثنا شعبة، عن سليمان، عن إبراهيم، عن أبي معمر، قال: قال عبد الله في هذه الآية ﴿أُولَئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إلى رَبِّهِمُ الوسيلةَ أَيُّهُمْ أَقْرَبُ﴾ قال: قَبِيل من الجنّ كانوا يعبدون فأسلموا.

ഇവിടെ മേൽ സംഭവം ഉദ്ധരിച്ചതോടൊപ്പം അവർ സൽക്കർമ്മങ്ങളിലൂടെ അല്ലാഹുവിലേക്ക് അടുപ്പവും സാമീപ്യവും നേടാൻ ശ്രമിക്കുകയാണെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു.

ഇതേ ആശയം ഇമാം ഖുർതുബിയും ഉദ്ധരിക്കുന്നത് കാണുക:

**(തഫ്സീർ ഖുർതുബി 10/181,182)**



الجزء العاشر - سورة الإسراء الآيات (٥٥ - ٥٧) ________ ١٨١

قوله تعالى: ﴿أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ ۚ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا﴾ (٥٧)

قوله تعالى: ﴿أولئك الَّذِينَ يَدْعُونَ﴾ «أولئك» مبتدأ «الذين» صفة «أولئك»، وضمير الصلة محذوف؛ أي يدعونهم. يعني أولئك المدعوّون. و ﴿يَبْتَغُونَ﴾ خبر، أو يكون حالاً، و ﴿الَّذِينَ يَدْعُونَ﴾ خبر؛ أي يدعون إليه عباداً إلى عبادته. وقرأ ابن مسعود «تدعون» بالتاء على الخطاب. الباقون بالياء على الخبر. ولا خلاف في «يبتغون» أنه بالياء. وفي صحيح مسلم من كتاب التفسير عن عبدالله بن مسعود في قوله عز وجل: ﴿أولئك الذين يدعون يبتغون إلى ربهم الوسيلة﴾ قال: نفر من الجن أسلموا وكانوا يُعبدون، فبقيَ الذين كانوا يعبدون على عبادتهم وقد أسلم النفر من الجن. في رواية قال: نزلت في نفر من العرب كانوا يعبدون نفراً من الجن فأسلم الجنيون والإنس الذين كانوا يعبدونهم لا يشعرون؛ فنزلت ﴿أولئك الذين يدعون يبتغون إلى ربهم الوسيلة﴾. وعنه أيضاً أنهم الملائكة كانت تعبدهم قبائل من العرب؛ ذكره الماوردي. وقال ابن عباس ومجاهد: عُزير وعيسى. و «يبتغون» يطلبون من الله الزلفة والقربة، ويتضرعون إلى الله تعالى في طلب الجنة، وهي الوسيلة. أعلمهم الله تعالى أن المعبودين يبتغون القربة إلى ربهم. والهاء والميم في «ربهم» تعود على العابدين أو على المعبودين أو عليهم جميعاً. وأما «يدعون» فعلى العابدين. ﴿ويبتغون﴾ على المعبودين. ﴿أَيُّهُمْ أَقْرَبُ﴾ ابتداء وخبر. ويجوز أن يكون «أيهم أقرب» بدلاً من الضمير في «يبتغون»، والمعنى يبتغي أيهم أقرب الوسيلة إلى الله. ﴿وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ مَحْذُوراً﴾ أي مَخُوفاً لا أمان لأحد منه؛ فينبغي أن يُحذر منه ويُخاف. وقال سهل بن عبدالله: الرجاء والخوف زمانان على الإنسان، فإذا استويا استقامت أحواله، وإن رجح أحدهما بطل الآخر.

പ്രാമാണികമായ മേൽ തഫ്സീറുകളിൽ നിന്നും ഇപ്പോൾ കാര്യങ്ങൾ വ്യക്തമായല്ലോ.

ഇനി പള്ളി ദർസുകളിൽ ഓതിപ്പഠിപ്പിക്കുന്ന തഫ്സീർ ജലാലൈനിയിൽ തന്നെ ഈ ആയത്തിന് നൽകിയ വ്യാഖ്യാനം കാണുക:

**(തഫ്സീർ ജലാലൈനി 3/497 തഫ്സീർ സ്വാവിയോടു കൂടിയ പതിപ്പ്)**



سورة الإسراء ٤٩٧

﴿قُلِ﴾ لهم ﴿ادْعُوا الَّذِينَ زَعَمْتُمْ﴾ أنهم آلهة ﴿مِنْ دُونِهِ﴾ كالملائكة وعيسى وعزير ﴿فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنْكُمْ وَلَا تَحْوِيلًا﴾ (٥٦) له إلى غيركم ﴿أُولَٰئِكَ الَّذِينَ يَدْعُونَ﴾ هم آلهة ﴿يَبْتَغُونَ﴾ يطلبون ﴿إِلَىٰ رَبِّهِمُ الْوَسِيلَةَ﴾ القربة بالطاعة ﴿أَيُّهُمْ﴾ بدل من واو يبتغون أي يبتغيها الذي هو ﴿أَقْرَبُ﴾ إليه فكيف بغيره ﴿وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ﴾ كغيرهم فكيف تدعونهم آلهة ﴿إِنَّ عَذَابَ رَبِّكَ

അർത്ഥം : "അവർ തന്നെ അല്ലാഹുവിലേക്ക് അനുസരണം മുഖേന സാമീപ്യം തേടുകയാണ്. 'അയ്യുഹും' എന്നത് 'യബ്തഗൂന' എന്നതിന് ബദലാണ്. അതായത് അല്ലാഹുവുമായി ഏറ്റവും അടുത്തവർ പോലും അനുസരണം മുഖേന അവനിലേക്ക് സാമീപ്യം അന്വേഷിക്കുകയാണ്. അപ്പോൾ പിന്നെ മറ്റുള്ളവരുടെ സ്ഥിതിയെന്താണ്? *(തഫ്സീർ ജലാലൈനി 3/497)*

മുസ്ല്യാക്കന്മാരുടെ ദുർവ്യാഖ്യാനങ്ങൾ ഇതോടെ തകർന്നുവീഴുകയാണ്. അവരുടെ ആരാധ്യർ അനുസരണം മുഖേന അല്ലാഹുവിലേക്ക് സാമീപ്യം തേടുകയാണ് എന്നാണല്ലോ മേൽ വിശദീകരണങ്ങൾ മനസ്സിലാക്കിത്തരുന്നത്. ഇടയാളന്മാരെ സ്വീകരിക്കുന്നതിനെക്കുറിച്ച് ഒരു സൂചന പോലും അവരാരും നൽകുന്നുമില്ല.

ഇനി ഈ ആയത്തിന് സമസ്തയിലെത്തന്നെ ഖുർആൻ പരിഭാഷകരായ മറ്റു പണ്ഡിതന്മാർ നൽകിയ അർത്ഥവും വ്യാഖ്യാനവും കൂടി പരിശോധിക്കാം.

കെ.വി. മുഹമ്മദ് മുസ്ല്യാർ കൂറ്റനാട് നൽകിയ അർത്ഥവും വ്യാഖ്യാനവും കാണുക:

**[ഫത്ഹുർറഹ്മാൻ 3/300]**




300 അദ്ധ്യായം 17 സൂറത്തുൽ

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا ﴿٥٦﴾

56. താങ്കൾ (ബഹുദൈവവിശ്വാസികളോട്) പറയുക: അല്ലാഹുവിന്നു പുറമെയുള്ള (ഇലാഹുകളാണെന്നു) പ്രലപിക്കുന്നവരോട് നിങ്ങൾ പ്രാർത്ഥിക്കുക. നിങ്ങളിൽനിന്നു കഷ്ടത അകററുന്നതോ അതിനെ മററാളിലേക്ക് മാററുന്നതോ അവർ സ്വാധീനമാക്കുന്നതല്ല.

أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا ﴿٥٧﴾

57. ഇവർ ആരോട് പ്രാർത്ഥിക്കുന്നുണ്ടോ അവർ—അവരിൽനിന്നു അല്ലാഹുവുമായി ഏററവും അടുത്തവർ തന്നെ—അവനുമായി സാമീപ്യം തേടാനുള്ള മാർഗ്ഗം അന്വേഷിക്കുന്നു. അവർ അവന്റെ അനുഗ്രഹം ആഗ്രഹിക്കുകയും ശിക്ഷ ഭയപ്പെടുകയും ചെയ്യുന്നു. താങ്കളുടെ രക്ഷിതാവിന്റെ ശിക്ഷ ഭയപ്പെടേണ്ടതു തന്നെയത്രെ. (27)

(27) മലക്കുകൾ, ഹസ്റത്ത് ഉസൈർ, ഹസ്റത്ത് ഈസാ, മർയംബീവി എന്നിവർ ഇലാഹുകളാണെന്നു മുശ്രിക്കുകളിൽ ചിലർ വിശ്വസിച്ചിരുന്നു. എന്നാൽ അവരൊന്നും ഇലാഹുകളാകുവാൻ പററുകയില്ലെന്നാണിവിടെ വ്യക്തമാക്കുന്നത്. കാരണം അവർക്കു സ്വന്തമായി യാതൊരു കഴിവുമില്ല. ആപത്തുകൾ അകററുവാൻ പോലും അവർ അശക്തരാണ്. അവരിൽ സമുന്നതരായ ഈസാ, ഉസൈർ മുതലായവർതന്നെ അല്ലാഹുവിന്റെ സാമീപ്യം നേടുവാനുള്ള മാർഗ്ഗങ്ങൾ തേടുന്നവരും അവനെ ഭയപ്പെടുന്നവരും അവന്റെ കാരുണ്യം ആഗ്രഹിക്കുന്നവരുമാണെന്നത് തർക്കമററ കാര്യമാണ്. ചുരുക്കത്തിൽ, അവർതന്നെ അല്ലാഹുവിനെ ആശ്രയിച്ചു നിൽക്കുന്നവരാണെന്നും അങ്ങനെയുള്ളവർ ഇലാഹുകളാവാൻ അർഹരല്ലെന്നുമുള്ള അനിഷേധ്യ വസ്തുതയാണ് വാക്യങ്ങൾ പഠിപ്പിക്കുന്നത്.

3) 'സുന്നത്ത് ജമാഅത്തിന്റെ ആശയങ്ങളോട് നൂറുശതമാനവും കൂറുപുലർത്തുന്നത്' എന്ന് രിസാല വാരിക പരിചയപ്പെടുത്തിയ തിരൂരങ്ങാടി ഖാസി അബ്ദുൽറഹിമാൻ

മഖ്ദൂമിയുടെ 'ഫത്ഹുൽ അലീം' എന്ന പരിഭാഷയിൽ ഈ ആയത്തിന് നൽകിയ അർത്ഥവും വ്യാഖ്യാനവും:

**(ഫത്ഹുൽ അലീം 1/611)**




സൂറത്തുൽ ഇസ്റാഅ് 611 ജുസ്അ് 15

قُلِ ادْعُوا الَّذِينَ زَعَمْتُم مِّن دُونِهِ فَلَا يَمْلِكُونَ كَشْفَ الضُّرِّ عَنكُمْ وَلَا تَحْوِيلًا ﴿٥٦﴾

56. താങ്കൾ പറയുക. (ബഹുദൈവവിശ്വാസികളേ) അല്ലാഹുവിന് പുറമെ നിങ്ങൾ ജൽപ്പിക്കുന്ന ഇലാഹുകളോട് നിങ്ങൾ പ്രാർത്ഥിച്ചുനോക്കുക. നിങ്ങളിൽ നിന്ന് വിഷമം അകറ്റാനോ, (അത് മറ്റുള്ളവരിലേക്ക്) തിരിച്ചുവിടാനോ ഉള്ള കഴിവ് അവർ അധീനമാക്കുന്നില്ല.

أُولَٰئِكَ الَّذِينَ يَدْعُونَ يَبْتَغُونَ إِلَىٰ رَبِّهِمُ الْوَسِيلَةَ أَيُّهُمْ أَقْرَبُ وَيَرْجُونَ رَحْمَتَهُ وَيَخَافُونَ عَذَابَهُ ۚ إِنَّ عَذَابَ رَبِّكَ كَانَ مَحْذُورًا ﴿٥٧﴾

57. അവർ പ്രാർത്ഥിക്കുന്നവരാകട്ടെ അവരിൽ നിന്ന് അല്ലാഹുവിങ്കലേക്ക് ഏറ്റവും സാമീപ്യം സിദ്ധിച്ചവർ പോലും തങ്ങളുടെ നാഥങ്കലേക്ക് കൂടുതൽ അടുക്കാനുള്ള മാർഗ്ഗം അന്വേഷിക്കുന്നവരാണ്. അവന്റെ അനുഗ്രഹത്തെ അവർ ആശിക്കുകയും, അവന്റെ ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നു. താങ്കളുടെ നാഥന്റെ ശിക്ഷ തീർച്ചയായും ഭയപ്പെടേണ്ടത് തന്നെയാണ്.

അല്ലാഹുവെ കൂടാതെ മറ്റു ഇലാഹുകളെ ആരാധിക്കുന്നത് ശുദ്ധ മൗഢ്യമാണ്. ആപത്ഘട്ടങ്ങളിൽ ആ ഇലാഹുകളോടൊന്ന് പ്രാർത്ഥിച്ചുനോക്കുക ആപത്ത് ദൂരീകരിക്കാൻ അവർക്കാവുകയില്ല. ബഹുദൈവവിശ്വാസികൾ ആരാധ്യരാക്കിവെച്ചവരിൽ അല്ലാഹുവോട് ഏറ്റവും കൂടുതൽ സാമീപ്യമുള്ളവരാണ് മർയം ബീവി, ഈസാനബി, മലക്കുകൾ തുടങ്ങിയവർ. ഇവർ അല്ലാഹുവുമായി കൂടുതൽ അടുക്കാനുള്ള വഴി അന്വേഷിക്കുകയാണ്. അവന്റെ കാരുണ്യത്തെ ആഗ്രഹിക്കുകയും ശിക്ഷയെ ഭയപ്പെടുകയും ചെയ്യുന്നവരാണ്. എന്നിട്ടും ഈ ആളുകൾ അല്ലാഹുവിനെ കൂടാതെ അവരെ ആരാധിക്കുന്നു. യുക്തിയുടെയും യാഥാർത്ഥ്യബോധത്തിന്റെയും കണിക പോലും ഇല്ലാത്ത നിലപാടാണിത്.

എത്ര വ്യക്തമാണ് മേൽ വിശദീകരണങ്ങൾ! ബഹുദൈവ വിശ്വാസികൾ ആരാധിച്ചിരുന്നത് കേവലം കല്ലുകളെ മാത്രമല്ലെന്നും ഈസാനബി(അ) ഉസൈർ നബി(അ) തുടങ്ങിയ അമ്പിയാക്കളെയും മഹാത്മാക്കളേയും മറ്റുമായിരുന്നെന്നും, അവർപോലും അല്ലാഹുവുമായി കൂടുതൽ അടുക്കാനുള്ള വഴിയന്വേഷിക്കുകയും അവന്റെ ശിക്ഷയെ ഭയപ്പെടുകയുമാണെന്നും, അതുകൊണ്ട് അങ്ങനെയുള്ള ആളുകളോട് അങ്ങോട്ട് ഇടതേടുന്നത് പരമവിഢ്ഢിത്തമാണെന്നും സമർത്ഥിക്കുകയാണ് മേൽ വ്യാഖ്യാനങ്ങളിലൂടെ സുന്നി പണ്ഡിതന്മാർ തന്നെ ചെയ്തിരിക്കുന്നത്. കൂടാതെ അവരാരും 'വസീല' എന്നതിന് മറ്റു മുസ്ല്യാക്കന്മാർ നൽകുന്ന 'ഇടയാളനെ തേടുക' എന്ന അർത്ഥം നൽകിയിട്ടില്ല എന്നതും ശ്രദ്ധേയമാണ്.

മാത്രമല്ല, ഈസാനബി(അ), ഉസൈർ(അ) തുടങ്ങിയ അമ്പിയാക്കൾപോലും അവരേക്കാൾ അടുത്തവരെ അല്ലാഹുവിലേക്ക് ഇടതേടുകയാണ് എന്നാണല്ലോ മുസ്ല്യാക്കന്മാർ ഈ ദുർവ്യാഖ്യാനങ്ങളിലൂടെ സമർത്ഥിക്കുന്നത്. എങ്കിൽ ഇവിടെ ചില ചോദ്യങ്ങള അവശേഷിക്കുന്നു. അഥവാ, അവർ പിന്നെ ആരെയാണ് ഇടയാളരാക്കിയിരുന്നത്.? അവരേ

ക്കാൾ അല്ലാഹുവിലേക്കടുത്ത ഏത് പ്രവാചകരെയാണ്? മുഹമ്മദ് നബി(ﷺ)പോലും പരിശുദ്ധാത്മാക്കളെക്കൊണ്ട് ഇടതേടാറുണ്ടായിരുന്നു എന്ന് ഒരു ഹദീസ് ദുർവ്യാഖ്യാനം ചെയ്തുകൊണ്ട് ഇവർ പറഞ്ഞു നടക്കാറുണ്ട്. അപ്പോൾ മേൽ പ്രവാചകന്മാർ ഇടതേടിയിരുന്നത് മുഹമ്മദ് നബി(ﷺ)യെ ആകാനിടയില്ല. പിന്നെ ആരെയാണ്? നബി(ﷺ) ഇടതേടിയിരുന്ന പരിശുദ്ധാത്മാക്കളാരാണ്? അവർ നബി(ﷺ)യെക്കാൾ അല്ലാഹുവിലേക്കടുത്തവരാണോ? ഇങ്ങനെയുള്ള നൂറുകൂട്ടം ചോദ്യങ്ങൾക്ക് മറുപടി പറയാൻ ഈ ദുർവ്യാഖ്യാനക്കാർ ബാദ്ധ്യസ്ഥരാണ്.

മാത്രമല്ല, വിശുദ്ധ ഖുർആനും തിരുസുന്നത്തും ധാരാളം പ്രവാചകന്മാരും ഔലിയാക്കളും മറ്റും നടത്തിയ നിരവധി പ്രാർത്ഥനകളുദ്ധരിച്ചിട്ടുണ്ട്. അതിലെവിടേയും തങ്ങളേക്കാൾ അല്ലാഹുവിലേക്കടുത്ത മറ്റാരെയെങ്കിലും അവർ ഇട തേടിയതായോ ആരുടെയെങ്കിലും ഹഖ്- ജാഹ്- ബർക്കത്ത് കൊണ്ട് തേടിയതായോ ഒരു സൂചനപോലും കാണാൻ കഴിയില്ല. അങ്ങനെയുണ്ടായിരുന്നെങ്കിൽ അതാണ് ഇത്തരം ദുർവ്യാഖ്യാനക്കാർ ഉദ്ധരിക്കേണ്ടിയിരുന്നത്

കൂടാതെ ഈ ദുർവ്യാഖ്യാനിക്കുന്നതിലെ ഒന്നാമത്തെ ആയത്ത് (ഇസ്റാഅ്:56) ഇവർ ദുർവ്യാഖ്യാനിച്ചൊപ്പിച്ച് സമർത്ഥിക്കാൻ ശ്രമിക്കുന്ന കടുത്ത ശിർക്കൻ വിശ്വാസങ്ങൾക്കുള്ള ചുട്ട മറുപടികൂടിയാണ്. അതിൽ പറയുന്നത് അവർ വിളിച്ചു പ്രാർത്ഥിക്കുന്നവർക്ക് (ഈസാനബി, ഉസൈർനബി എന്നിവരടക്കം) നമ്മുടെ കഷ്ടതകളകറ്റാനോ അതിനെ മറ്റൊരാളിലേക്ക് തിരിച്ചുവിടാനോ സാധിക്കുകയില്ലെന്നാണ്. ഈ ആവശ്യത്തിനുവേണ്ടിയാണല്ലോ ഇത്ര പണിപ്പെട്ട് തെളിവുണ്ടാക്കി ഇടതേടുക എന്ന വ്യാജേന അവരെ വിളിച്ച് പ്രാർത്ഥിക്കുന്നത്. എന്നാൽ അതിനവർക്ക് കഴിയില്ലെന്ന് മേൽ ആയത്ത് തീർത്തുപറയുന്നു. കൂടാതെ അവരും അല്ലാഹുവിന്റെ ശിക്ഷയെ പേടിച്ചു കഴിയുന്നവരാണെന്നും സൽകർമ്മങ്ങളനിഷ്ഠിച്ചും അവനെ അനുസരിച്ച് ജീവിച്ചും അവനിലേക്ക് കുടുതൽ അടുക്കാൻ ശ്രമിക്കുന്നവരാണെന്നും ശേഷമുള്ള ആയത്തും പഠിപ്പിക്കുന്നു. എന്നിട്ടും ഇങ്ങനെയുള്ളവരെ ഇടതേടുന്നതും അവരോട് നേരിട്ട് തേടുന്നതും പരമ വിഢ്ഢിത്തവും ധിക്കാരവുമല്ലാതെ മറ്റെന്താണ്?

ചുരുക്കത്തിൽ മുസ്ല്യാക്കന്മാർ പടച്ചുണ്ടാക്കുന്ന 'വ്യാജ തവസ്സുലിന്' തർക്കത്തിലിരിക്കുന്ന മേൽ ആയത്തുകൾ രേഖയല്ലെന്നും തങ്ങളുടെ വികലമായ വാദങ്ങളെ തകർത്ത് തരിപ്പണമാക്കുകയാണ് പ്രസ്തുത വചനങ്ങൾ ചെയ്യുന്നതെന്നും ബുദ്ധിയുള്ളവർക്ക് ഇപ്പോൾ ബോധ്യപ്പെട്ടിരിക്കുമല്ലോ....